കാരിച്ചാൽ ചുണ്ടൻ ഇത്തവണ കരക്കാരുടെ കരുത്തിൽ എത്തും

ആലപ്പുഴ: ജലപ്രേമികൾക്ക് എന്നറിയപ്പെടുന്ന കാരിച്ചാൽ ചുണ്ടൻ ഇത്തവണ സ്വന്തം ബോട്ട് ക്ലബ്ബിന്റെ തുഴക്കരുത്തിൽ നെഹ്റുട്രോഫി വള്ളംകളിക്ക് എത്തും. സിനിമാതാരം രഞ്ജിത്ത് സജീവനാണ് ക്യാപ്റ്റൻ. കാരിച്ചാൽ ചുണ്ടൻ ബോട്ട് ക്ലബ്ബിന്റെ പരിശീലന ക്യാമ്പ് കരുവാറ്റ ലിഡിൽ പാനലിനോട് ചേർന്ന് കരുവാറ്റ സെന്റ് ജോസഫ് പള്ളി ഹാളിൽ വിജയപുരം പഞ്ചായത്ത് പ്രസിഡന്റ് ഷീജാ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ടി.പി സിബിന്റ് അജിൽകുമാർ അധ്യക്ഷനായിരുന്നു.

ഫാഗുൻദാസ് നേപ്പാൾ ലിമിറ്റഡ്, ക്രിയേഷൻസ് കോർപറേറ്റ് മാനേജർ സജിഷ്, ജനറൽ മാനേജർ ഹരികൃഷ്ണൻ,ഡിജിറ്റൽ മാനേജർ ഇഷാഖ് മുഹമ്മദ്, വാർഡ് മെമ്പർമാരായ ശ്യാമള, മായാ ജയചന്ദ്രൻ, സുമതി.തമി, കരുവാറ്റ സെന്റ് ജോസഫ് പർച്ച് വികാരി ഫാ. ജെയിസ്, ചീഫ് കോഡിനേറ്റർ നൈനാൻ തുടങ്ങിയവർ പങ്കെടുത്തു.

കാവാലം രംഭാമ്മ ഫോക്‌ലോർ പുരസ്കാരം ഓമനപ്പുഴ കുട്ടപ്പൻ ആശാന്

ആലപ്പുഴ: കുട്ടനാടിന്റെ പാട്ടമയെന്നറിയപ്പെട്ട കാവാലം രംഭാമമ്മയുടെ സ്മരണാർഥം നാടൻ കലാരംഗത്തെ പ്രതിഭകൾക്ക് ഇപ്പോ നാട്ടരങ്ങ് പീപ്പിൾസ് കൾച്ചറൽ സെന്റർ ഏർപ്പെടുത്തിയ ആറാമത് കാവാലം രംഭാമ്മ ഫോക്‌ലോർ പുരസ്കാരത്തിന് പ്രശസ്ത പണ്ടി നാടക കലാകാരനും പ്രാഫിന തീരദേശ കലകളുടെ പ്രചാരകനുമായ ഓമനപ്പുഴ കുട്ടപ്പൻ ആശാൻ അർഹനായി. 25000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ശില്പവും സമ്മാനിക്കും.

ഇപ്പോ നാട്ടരങ്ങും ടി.എസ് സന്തോഷ് കുമാർ ഫൗണ്ടേഷനും ചേർന്ന് നാട്ടുനന്മ പ്രഥമ ടി.എസ് സന്തോഷ് കുമാർ സ്മാരക സർഗ പ്രതിഭാ പുരസ്കാരങ്ങളും പ്രഖ്യാപിച്ചു. നാടക മേഖലയിലെ പുരസ്കാരം നാടക പ്രവർത്തകനും സംവിധായകനുമായ അരുൺ ലാലിനും. നാടൻ പാട്ട് വിഭാഗത്തിൽ നാടൻ കലാ വേഷകനും പരിശീലകനുമായ സുധി നെട്ടുവിനും, ഉപകരണ സംഗീത വിഭാഗത്തിൽ പ്രിൻസ് കാട്ടൂരും അർഹരായി. 5000 രൂപയുടെ ക്യാഷ് അവാർഡും നൽകും. 22 ന് കൊല്ലം സി. കേശവൻ സ്മാരക ടൗൺ ഹാളിൽ ഇപ്പോ സംഘടിപ്പിക്കുന്ന ലോക ഫോക് ലോർ ദിനാഘോഷത്തിൽ അവാർഡുകൾ വിതരണം ചെയ്യുമെന്ന് ശിവജി അനന്തൻ, ആർ.ജയകുമാർ, രമേശ് കരിങ്ങലക്കുട്ട, ബാലുനൂർ രാജൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

അമ്പലപ്പുഴ മത്സ്യഗ്രാമത്തിൽ മോട്ടിവേറ്ററെ നിയമിക്കുന്നു

ആലപ്പുഴ: പുന്നപ്രവഴക്കുമായി ബന്ധപ്പെട്ടുള്ള മത്സ്യഗ്രാമത്തിൽ ഒരു താൽക്കാലിക മോട്ടിവേറ്ററെ നിയമിക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ടവർ ബിരുദം യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനവും, ഉള്ളവർ കുടുംബാംഗം മത്സ്യത്തൊഴിലാളിയാണെന്ന് തെളിയിക്കുന്ന രേഖകളിലുമായി ഓഗസ്റ്റ് 11 ന് ഉച്ചയ്ക്ക് 2 ന് അമ്പലപ്പുഴ ഗവ. ഗസ്റ്റ് ഹൗസിൽ നടക്കുന്ന അഭിമുഖത്തിന് 14 രാവിലെ 11ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്നതാണ്. പ്രതിമാസം 10,000 രൂപയാണ് വേതനം. ഫോൺ: 0477 2251103

ജില്ലാതല ശാസ്ത്ര ക്വിസ് മത്സരം ഇന്ന്

ആലപ്പുഴ: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല ശാസ്ത്രക്വിസ് മത്സരം ഇന്ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കും.

പരിപാടിയിൽ ഒൻപത് നിയോജക മണ്ഡലങ്ങളിൽനിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീമുകൾ പങ്കെടുക്കും.

മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് യഥാക്രമം 10,000, 5,000 രൂപ ക്യാഷ് അവാർഡും ട്രോഫിയും നൽകും. വിജയികൾക്കുള്ള സമ്മാനദാനം ഉച്ചയ്ക്ക് 12.30 ന് എച്ച്.സലാം, എം.എൽ.എ നിർവഹിക്കും.

എസ്.എൻ.ഡി.പി. യൂണിയനുകളുടെ ശാഖാ നേതൃയോഗം നാളെ

ആലപ്പുഴ: എസ്.എൻ.ഡി.പി കൃഷ്ണാട്, കൃഷ്ണാട് സൗത്ത്, മാന്നാർ യൂണിയനുകളുടെ ശാഖാ നേതൃയോഗം ഏകദേശമായി നാളെ നടക്കും. സെന്റ് അലോഷ്യസ് കോളജ് ഓഡിറ്റോറിയത്തിൽ രാവിലെ ഒമ്പതിന് ആരംഭിക്കുന്ന യോഗത്തിൽ എസ്. എൻ.ഡി.പി യോഗം, ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അധ്യക്ഷനായിരിക്കും.

യൂണിയനുകളിലെ 103 ശാഖകളിൽ നിന്നുള്ള ശാഖാ ഭരണസമിതി അംഗങ്ങൾ, പോഷക സംഘടനാ ഭാരവാഹികൾ, കുടുംബ യൂണിറ്റ് ഭാരവാഹികൾ എന്നിവരടക്കം 3500 ഓളം പേർ പങ്കെടുക്കും. സന്യാസ വസ്ത്രമണിഞ്ഞ ഉപ്പുകണ്ടം വിശ്വനാഥനും ഗുരുദേവ ചിത്രങ്ങൾക്കൊപ്പം പിടർന്ന ശ്രദ്ധിക്കുന്നുവെന്ന് സംയുക്ത യൂണിയൻ ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് ഈയവ സമുദായത്തിന് സാമൂഹ്യ നീതി ഉറപ്പു വരുത്തുന്നതിനും അധികാരത്തിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും യോഗത്തിന്റെ നേതൃത്വത്തിൽ ശാഖാ നേതൃയോഗങ്ങൾ നടന്നുവരികയാണെന്നും ഭാരവാഹികൾ പറഞ്ഞു. യോഗത്തിൽ എസ്.എൻ.ഡി.പി യോഗം, വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി സംഘടനാ വിപ്ലാർട്ട് അവതരിപ്പിക്കും. ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ്, യോഗം കൗൺസിലർ ടി.പി ചന്ദ്രൻ യൂണിയൻ കൗൺസിലർ ഷാജമോഹൻ, കൺവീനർ സന്തോഷ് ശാന്തി, കൃഷ്ണാട് സൗത്ത് യൂണിയൻ കൺവീനർ അഡ്വ. പി.ടി ശ്രീധരൻ, കൃഷ്ണാട് യൂണിയൻ വൈസ് ചെയർമാൻ എം.ഡി. ഓമനക്കുട്ടൻ, മാന്നാർ യൂണിയൻ ജോയിന്റ് കൺവീനർ പുഷ്പശശികുമാർ എന്നിവർ പങ്കെടുക്കുമെന്ന് കൃഷ്ണാട് യൂണിയൻ കൺവീനർ സന്തോഷ് ശാന്തി, കൃഷ്ണാട് സൗത്ത് യൂണിയൻ കൺവീനർ അഡ്വ. സുപ്രമോദം, എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

● മനുഷ്യാവകാശ കമ്മിഷൻ ഇടപെട്ടു

മുളക്കുഴയിലെ കർഷകർക്ക് നഷ്ടപരിഹാരത്തിന് സാധ്യത

ആലപ്പുഴ: ചെങ്ങന്നൂർ മുളക്കുഴയിൽ കാട്ടുപന്നിക്കൂട്ടങ്ങൾ കൃഷി നശിപ്പിച്ചതുമായി ബന്ധപ്പെട്ട് അർഹരായ മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം കൃത്യസമയത്ത് ലഭിക്കുന്നതിന് മനുഷ്യാവകാശ കമ്മിഷൻ ചെയർപഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റെ ഇടപെടലിലൂടെ വഴി തെളിയുന്നു. ഇതു സംബന്ധിച്ച് 30 ന് രാവിലെ 10.30ന് ചെങ്ങന്നൂർ പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന റേഞ്ച് ഓഫീസറോ ഹാജരാകണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു. ഡി.എഫ്.ഒയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൃഷി ഓഫീസറുടെ സഹായത്തോടെ പ്രാഥമിക അന്വേഷണം നടത്തണം.

കാട്ടുപന്നിയുടെ ആക്രമണം കാരണം കൃഷിനാശം സംഭവിച്ചവരുടെ എണ്ണവും നഷ്ടപരിഹാരം. ലഭിക്കാൻ അർഹരായവരുടെ വിവരങ്ങളും ശേഖരിക്കണം. കർഷകർ അപേക്ഷ നൽകിയിട്ടുള്ളിൽ പരാതി ലഭിച്ച വണ്ടിയിയർമാർ മുമ്പേതന്നെ ജില്ലാ ലിവൽ സർവീസ് അതോറിറ്റി അവ ശേഖരിക്കണം. ലഭിക്കുന്ന അപേക്ഷകൾ റാന്നി ഡി.എഫ്.ഒ. ക്ക് രണ്ടാഴ്ചക്കുള്ളിൽ കൈമാറണം. ഇതിൽ നഷ്ടപരിഹാരം നൽകിയവരുടെയും നൽകാനുള്ളവരുടെയും ലിസ്റ്റ് റാന്നി ഡി.എഫ്.ഒ. നാലാഴ്ചക്കുള്ളിൽ കമ്മിഷനെ അറിയിക്കണം.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രിൻസിപ്പൽ ജില്ലാ കൃഷി ഓഫീസറും പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കണം. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മിഷൻ സ്വമേധയാ ഇജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

അയൽവാസിയെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച മധ്യവയസ്കന് 19 വർഷം തടവ്

● സുരേഷ്

ആലപ്പുഴ: അയൽവാസിയെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതിക്ക് 19 വർഷം തടവും ഒന്നര ലക്ഷം രൂപ പിഴയും ശിക്ഷ. വിയപുരം, ചെറുതന തോപ്പിൽ വീട്ടിൽ സുരേഷിനെ(54)യാണ് ആലപ്പുഴ അസിസ്റ്റന്റ് സെഷൻസ് കോടതി ജഡ്ജി ഇ കലാ ലോറിയൻ ശിക്ഷിച്ചത്. 2018 ജൂൺ 27ന് രാവിലെ എഴിനായിരുന്നു സംഭവം.

ചെറുതന തെക്കുമുറിയിൽ അശ്വതി ഭവനിൽ പ്രമോദ് ലാലിനെ(47)യാണ് ഇയാൾ വെട്ടുകത്തി ഉപയോഗിച്ച് തലയ്ക്കു വെട്ടിയത്. പ്രമോദ് ലാൽ തടയാൻ ശ്രമിച്ചപ്പോൾ വലതു കൈയ്യിൽ മുറിവേല്പിച്ചതായി. പ്രതി പടിയായ കൊണ്ട് കടിപ്പിക്കാൻ ശ്രമിച്ചെന്ന മുൻവിരോധമാണ് കൃത്യത്തിന് പ്രേരിപ്പിച്ചത്.

പ്രമോദ് ലാലിന്റെ വീട്ടുമുറ്റത്ത് അതിക്രമിച്ച് കയറി ഭാര്യ ആശയുടെ മുന്നിൽ വച്ചാണ് സുരേഷ് ആക്രമണം. നടത്തിയത്. ആശയുടെ മൊഴി പ്രകാരം. വിയപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. സംഭവത്തിൽ പ്രമോദ് ലാലിന്റെ ഇരുകൈകളും വെട്ടേറ്റിരുന്നു. ഇടത് കൈതാഴെ ഗുരുതരമായി വെട്ടേറ്റതിനാൽ ആശുപത്രിയിൽ വച്ച് മാറ്റി വിയപുരം എസ്.ഐമാരായ വി.ആർ ജഗദീഷ്, പി.ജെ ടോൾസൺ, എ. ഷെഫീക്ക് എന്നിവർ അന്വേഷണം, നടത്തിയ കേസിൽ അധിഷ്ഠാണ്ട പബ്ലിക് പ്രോസിക്യൂട്ടർ പി. പ്രവീൺ നാഥായാണ്. സിവിൽ പോലീസ് ഓഫീസർ പി.എ അനീഷ് പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

പി.എം. നാഷണൽ അപ്രന്റിസ്ഷിപ്പ് മേള

ആലപ്പുഴ: അപ്രന്റീസ് ട്രെയിനിങ് കാര്യക്ഷമമാക്കുന്നതിന് നൈപുണ്യവികസന സംരംഭകത്വ മന്ത്രാലയവും സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പും ചേർന്ന് പി.എം. നാഷണൽ അപ്രന്റീസ്ഷിപ്പ് മേള 11ന് സംഘടിപ്പിക്കും. രാവിലെ പത്ത് മുതൽ ആർ.ഐ ടെസ്റ്റിന്റെ (വ്യാവസായിക പരിശീലന വകുപ്പ്) നേതൃത്വത്തിൽ ആലപ്പുഴ ജൂബിലി മെമ്മോറിയൽ പ്രൈവറ്റ് ഐ.ടി.ഐയിൽ ആണ് പരിപാടി. ജില്ലയിലെ വിവിധ വ്യവസായ വാണിജ്യസ്ഥാപനങ്ങൾ അപ്രന്റീസുകളെ നേരിട്ട് തെരഞ്ഞെടുക്കുന്നതോടൊപ്പം വാണിജ്യസ്ഥാപനങ്ങൾക്ക് മറ്റ് വ്യവസായ അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നതിന് രജിസ്റ്റർ ചെയ്യാനും മേളയിൽ അവസരം. ഉണ്ട്. എസ്ജിനീയർ, നോൺ എൻജിനീയറിങ് ട്രേഡുകളിൽ ഐ.ടി.ഐ യോഗ്യത നേടിയ വിദ്യാർഥികൾക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ബയോഡാറ്റ. ആധാർ എന്നിവ സഹിതം രാവിലെ 9.30 മുതൽ രജിസ്ട്രേഷന് ഹാജരാകണം. ഫോൺ : 0477 2230124.

തിരുവമ്പാടി എച്ച്.എസ്.എസ്. ഹയർ സെക്കൻഡറി രജതജൂബിലി നിറവിൽ

ആലപ്പുഴ: തിരുവമ്പാടി എച്ച്.എസ്.എസിലെ ഹയർ സെക്കൻഡറി വിഭാഗം രജത ജൂബിലി നിറവിൽ. ഒരുവർഷം നീണ്ടുനിൽക്കുന്ന രജത ജൂബിലി ആഘോഷത്തിന് നാളെ തുടക്കമാകും. ജ്യോതി 25 എന്ന പേരിൽ 25 പരിപാടികളോടെയാണ് ആഘോഷിക്കുന്നത്. സ്കൂൾ ഓഡിറ്റോറിയത്തിൽ രാവിലെ ഒൻപതിന് മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യും. ട്രസ്റ്റ് പ്രസിഡന്റ് പി.കെ ഹരിദാസിന് അധ്യക്ഷനാകും. കെ.സി. വേണുഗോപാൽ എംപി മുഖ്യാതിഥിയാകും. പങ്കജിൽ മുൻമുതിർമാരായ കെ. സി വേണുഗോപാൽ എംപി, ജി.സുധാകരൻ, കെ.സി ജോസഫ് എന്നിവരെ ആദരിക്കും. എച്ച്.സലാം. എംഎൽഎ മുഖ്യപ്രഭാഷണം നടത്തും. ഉച്ചകഴിഞ്ഞ് രണ്ടു മുതൽ സംഗീത വരുന്നു.

വൈകിട്ട് നാലിന് ഡോ. വൈക്കം വിജയലക്ഷ്മിയും സംഘവും അവതരിപ്പിക്കുന്ന ഗാനമേളയിലൂടെ സംഗീതസായാഹ്നം. ആറിന് ഭരതനാട്യ നൃത്തസന്ധ്യ, സമ്മേളനത്തിന്റെ തുടർച്ചയായി ബാഗ്രസ്പർശ എച്ച്. സലാം എംഎൽഎ കലാവിരുന്നിന്റെ ഉദ്ഘാടനം. നിർവഹിക്കും. പി.പി ജിതേഷിൽ എംഎൽഎ മുഖ്യാതിഥിയാകും. പി.ടി. എ പ്രസിഡന്റ് ജെ. വിനോദ്കുമാർ മുഖ്യപ്രഭാഷണം. നടത്തും. തിരുവമ്പാടി സ്കൂൾ 1939-ൽ സ്ഥാപിച്ചതാണെങ്കിലും ഹയർ സെക്കൻഡറി വിഭാഗം തുടങ്ങിയത് 2000-ഓണന്ന് തിരുവമ്പാടി ഹയർ സെക്കൻഡറി സ്കൂൾ ട്രസ്റ്റ് ചെയർമാൻ പി.കെഹരിദാസിന്റെ പറഞ്ഞു. വൈസ് ചെയർമാൻ ബാലൻ.സി.നായർ, ജനറൽ കൺവീനർ മി. ഹരികൃഷ്ണൻ, സ്കൂൾ പ്രിൻസിപ്പൽ കെ.ആർ ജ്യോതി, ജെ.വി നോട്ട് കുമാർ, ആർ.രവികുമാർ, എന്നാരായണൻ നായർ, കെ.വി ജെക്കബ് തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

റിയാസിനെ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കണം: ജെ.എസ്.എസ്.

ആലപ്പുഴ: പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് സംസ്ഥാനത്തിന് ബാധ്യതയും അപമാനവുമാണെന്ന് ജെ.എസ്.എസ്(രാജൻബാബു വിഭാഗം) ആലപ്പുഴ ജില്ലാ സെന്റർ. നോഡുകളും പാലങ്ങളും. തകർന്നിടങ്ങൾ പുതുനിർത്തുകൾക്ക് ഇത്രമേൽ അധപതിച്ച കാലഘട്ടം. കേരളത്തിലിതിനി മുൻപ് ഉണ്ടായിട്ടില്ല. ജില്ലാ സെന്റർ യോഗത്തിൽ പ്രസിഡന്റ് ആർ. ശശിന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി. രാജു റിപ്പോർട്ട് അവതരിപ്പിച്ചു. വിഷയ. അവതരണം, പി.സി സന്തോഷ്, കെ.പീതാംബരൻ, സാബു കണ്ടത്തിൽ, നേതാജി രാജേഷ്, പി. ശ്യാംകുമാർ അഹമ്മദ് അമ്പലപ്പുഴ, സജിമോൻ കുട്ടനാട് എന്നിവർ സംസാരിച്ചു

പി.ടി. ചാക്കോ ഫൗണ്ടേഷൻ രജതജൂബിലി പുരസ്കാര സമർപ്പണം നാളെ

ആലപ്പുഴ: പി.ടി ചാക്കോ ഫൗണ്ടേഷൻ രജത ജൂബിലി പുരസ്കാര സമർപ്പണം. പാതിരപ്പള്ളിയിൽ നാളെ നടക്കും. ആൽഫ സ്കൂളിൽ രാവിലെ 11ന് സമ്മേളനം ഉദ്ഘാടനം. ഫൊറോക്കോയി ജഡ്ജി ജസ്റ്റിസ് വി ദേവൻ രാമചന്ദ്രനും പുരസ്കാര സമർപ്പണവും മുഖ്യപ്രഭാഷണവും കെ.സി. വേണുഗോപാൽ എംപിയും നിർവഹിക്കും. ഹൗണ്ടേഷൻ ചെയർമാൻ ജോണി മുക്കം അധ്യക്ഷനാകും. മികച്ച പൊതുപ്രവർത്തകനുള്ള അവാർഡ് മുൻമന്ത്രി പി.ജെ.ജോസഫിനാണ് സമ്മാനിക്കുക.

● കയർ ആർട്ടിസാൻ ട്രെയിനിങ് ഉദ്ഘാടനവും ആദ്യ ഓർഡർ വിതരണവും ഇന്ന്

ആലപ്പുഴ: കയർ ആർട്ടിസാൻ ട്രെയിനിങ് പൂർത്തീകരിച്ചവർക്കായി രൂപീകരിച്ച സംഘത്തിന്റെ പ്രവർത്തന ഉദ്ഘാടനവും ആദ്യ ഓർഡർ വിതരണവും. ഇന്ന് കയർ മന്ത്രി പി.രാജീവ് നിർവഹിക്കും. ഉച്ചയ്ക്ക് 12.30ന് കയർ കോർപറേഷൻ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പി.പി. ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷനാകും. കയർമേഖലയിലെ പുതിയ പദ്ധതികളുടെ പ്രഖ്യാപനം മന്ത്രി പി.രാജീവും. കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളുടെ വിതരണം. ഫിഷറീസ്, സാംസ്കാരിക മന്ത്രി സജി ചെറിയാനും, ചേർത്തലയെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രകാശനം. ഡെപ്യൂട്ടി മേയർ കെ.എൽ ശ്രീജി, കയർ ഫെഡ് ചെയർമാൻ ആർ.നാസർ, കയർ ഫെഡ് മുൻ ചെയർമാൻ ടി.കെ ദേവകുമാർ, കയർ ഫെഡ് മുൻ ചെയർമാൻ ടി.കെ ദേവകുമാർ, കയർ ഫെഡ് ഡയറക്ടർ ബോർഡ് അംഗം ടി.ജി ബിജു